പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5792 | 28.03.2018-ൽ മറുപടിക്ക് |
|---|---|

**കസ്റ്റഡി വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സംവിധാനം**

| | ചോദ്യം<br>ശ്രീ. എം. ഉമ്മർ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കേസുകളുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തും, റോഡിലും, തുറസ്സായ സ്ഥലത്തും കൂട്ടിയിടുന്നതുമൂലം വെയിലും മഴയുമേറ്റ് നശിക്കുന്നതും മറ്റ് തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം വാഹനങ്ങൾ സംരക്ഷിക്കുന്നതിനോ സുരക്ഷിതമായി സൂക്ഷിക്കുന്നതിനോ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ബഹു. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിവിധ കേസ്സുകളിൽ ഉൾപ്പെട്ട വാഹനങ്ങളെ കോടതി ഉത്തരവിൻപടി നിയമനടപടികൾ പൂർത്തിയാക്കി ഉടമസ്ഥന് വിട്ടുനൽകി വരുന്നതും പെറ്റി കേസുകളിലും മറ്റുമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ വാഹന ഉടമകൾക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ സർക്കുലർ നം.7/2017 തീയതി, 31.01.2017 പ്രകാരം എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും, ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അവകാശികളില്ലാത്ത വാഹനങ്ങൾ നിയമനടപടികൾ സ്വീകരിച്ച് നിയമാനുസരണം ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽകൂട്ടി വരുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | കസ്റ്റഡി വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നത് സംബന്ധിച്ചോ ഒഴിപ്പിക്കുന്നത് സംബന്ധിച്ചോ സർക്കാർ നിയമനിർമ്മാണം നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയത്തിൽ ശാശ്വതപരിഹാരം കാണുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ? | (സി) | ഇക്കാര്യത്തിൽ ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ